# പതിനാലാം കേരള നിയമസഭ നാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 3829
# - 15.03.2017-ന് മറുപടി നൽകേണ്ടത്

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. കെ.ഡി. പ്രസേനൻ** | **ഡോ. റ്റി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 10000 ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാൻ സഹായിക്കുന്ന ഒരു പദ്ധതി സർക്കാർ സഹകരണത്തോടെ ആവിഷ്കരിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) ഉദ്ദേശിക്കുന്നു. |
| ബി | സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ഒരു സമഗ്ര പദ്ധതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ഉണ്ട്. |
| സി. | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിവരണം നൽകാമോ? | വിവിധ കോളേജുകളിലെ ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററുകൾ (IEDCs), ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററുകൾ (TBIs), കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KSIDC), കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് (KSCSTE) എന്നിവയേയും മറ്റ് ബന്ധപ്പെട്ട ഏജൻസികളെയും ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സർക്കാർ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ